the Puthenpettah Bazaar, Kunnamkulam will be taken up when the budget will be framed in 1112 ;

(*b*) whether the present member for Kunnamkulam brought it to the notice of the Government during the budget session of 1113 ;

(*c*) if the answer for both the questions be in the affirmative, will the Government be pleased to state whether they have begun any work to finish it up by the end of this year ?

Dr. A. R. Menon (*Minister for Rural Development*) :

(*a*) Government had issued an order that the matter would be considered when framing the budget for 1112.

(*b*) Yes.

(*c*) No.

Mr. C. V. Iyyu (*Kunnamkulam*) : Will the Government be pleased to include it in the next year's budget ?

Dr. A. R. Menon (*Minister for Rural Development*) : Most probably the hon'ble member will have a chance of undertaking this work himself. It is the intention of the Government to introduce a Bill constituting Kunnamkulam into a Municipality and handing over Kunnamkulam Municipality to the charge of the people of Kunnamkulam.

UPLIFT OF DEPRESSED CLASSES—RESIDING OUTSIDE COLONIES.

273. മിസ്റ്റർ കെ. പി. വള്ളോൻ : താഴെ എഴുന്നള്ളിക്കുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ട് സദയം മറുപടി നൽകുമോ:—

കോളനികളിൽ താമസിക്കാത്ത അധഃകൃതരുടെ താമസത്തിന്നും പരിഷ്കരണത്തിന്നും വേണ്ടി സംരക്ഷണ വകുപ്പ് എന്തൊക്കെ ചെയ്തിട്ടുണ്ട് ?

ഡാക്ടർ എ. ആർ. മേനോൻ : കോളനികൾക്കു പുറമെ താമസിക്കുന്ന അധഃകൃതർക്ക് ആവശ്യപ്പെട്ടിട്ടുള്ള ദിക്കുകളിൽ ശ്മശാനസ്ഥലങ്ങൾ, ഗതാഗത സൌകര്യങ്ങൾ, കിണർ, കുളം മുതലായ ജലസൌകര്യങ്ങൾ, പരസ്പരസഹായസംഘങ്ങൾ എന്നിവ ഏർപ്പെടുത്തിക്കൊടുക്കുകയും താമസത്തിന്നു പറമ്പോക്കുസ്ഥലങ്ങൾ ഉള്ള ദിക്കുകളിൽ പതിച്ചുകൊടുക്കുകയും ചെയ്യുന്നുണ്ട്.

മിസ്റ്റർ കെ. പി. വള്ളോൻ: ഗതാഗത സൌകര്യത്തിന്നുവേണ്ടി എന്തു സൌകര്യമാണ ചെയ്തുകൊടുത്തിട്ടുള്ളതു് എന്നു പറയാൻ ദയവുണ്ടാകുമോ?

ഡാക്ടർ എ. ആർ. മേനോൻ: ചില കോളനികളിൽ സഞ്ചാരസൌകര്യത്തിന്നുവേണ്ട റോഡുകൾ ഉണ്ടാക്കിക്കൊടുത്തിട്ടുണ്ട്.

മിസ്റ്റർ കെ. പി. വള്ളോൻ: ഞാൻ ചോദിക്കുന്നതു് കോളനികൾ ഇല്ലാത്ത സ്ഥലങ്ങളിൽ എന്തു ഗതാഗതസൌകര്യമാണ് ചെയ്തുകൊടുത്തിട്ടുള്ളതു് എന്നാണു്.

ഡാക്ടർ എ. ആർ. മേനോൻ: അവരുടെ സൌകര്യത്തെക്കുടിനോക്കി പല റോഡുകളും വഴികളും ഉണ്ടാക്കിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. പി. വള്ളോൻ: സംരക്ഷണ വകുപ്പിൽനിന്നു ഇതിനു വല്ല പണച്ചിലവും ചെയ്തിട്ടുണ്ടോ?

ഡാക്ടർ എ. ആർ. മേനോൻ: അധഃകൃത വകുപ്പിൽനിന്നു പ്രത്യേകമായിട്ടു വല്ലതും ചിലവുചെയ്തിട്ടുണ്ടോ എന്നു അറിഞ്ഞുകൂടാ. ചിലപ്പോൾ ചിലവുചെയ്തിട്ടുണ്ടാകും.

മിസ്റ്റർ കെ. പി. വള്ളോൻ: പരസ്പരസഹായസംഘംവഴിയും അധഃകൃതോദ്ധാരണം നടത്തുന്നുണ്ടല്ലൊ. അതിനെസംബന്ധിച്ചു് അതുനല്ലതാണോ ചീത്തയാണോ എന്നു അഭിപ്രായം പറയുവാൻ ദയവുണ്ടാകുമോ?

ഡാക്ടർ എ. ആർ. മേനോൻ: പരസ്പര സഹായസംഘം എല്ലാവക്കും നല്ലതാണു". അതു് ചീത്തയാണെന്നു പറയുവാൻ പ്രയാസം. റൂറൽ ഡെവലപ്പുമെൻറു് ആഫീസ്സറോടു് അതു ശരിയായി നടത്തുന്നതിനുവേണ്ട ഏർപ്പാടു ചെയ്തിട്ടുണ്ടു്.

മിസ്റ്റർ കെ. പി. വള്ളോൻ: പുറമ്പോക്കു സ്ഥലങ്ങൾ അധഃകൃതക്കു പതിച്ചുകൊടുത്തിട്ടുണ്ടെന്നു പറയുന്നു. സംരക്ഷണവകുപ്പിനു പുറമ്പോക്കു സ്ഥലങ്ങൾ പതിച്ചു കൊടുക്കുവാൻ അധികാരം കൊടുത്തിട്ടുണ്ടോ?

ഡാക്ടർ എ. ആർ. മേനോൻ: ദിവാൻപേഷ്കാരുടെ അധികാരത്തിലാണതു". ദിവാൻപേഷ്കാരുടെ അനുമതി കൂടാതെ പുറമ്പോക്കു സ്ഥലങ്ങൾ പതിച്ചുകൊടുക്കാൻ പാടില്ല എന്നു് ആർഡർ അയച്ചിട്ടുണ്ടു്.

മിസ്റ്റർ കെ. പി. വള്ളോൻ: ദിവാൻപേഷ്കാരുടെ അറിവുകൂടാതെ അധഃകൃതസംരക്ഷണ ഡിപ്പാർട്ടുമെൻറിൽനിന്നു സ്ഥലം പതിച്ചുകൊടുത്തിട്ടുള്ളതായി അറിയാമൊ? ആ സ്ഥലത്തു ഇപ്പോൾ താമസിച്ചുവരുന്ന അധഃകൃതരെ അവിടത്തന്നെ താമസിപ്പിക്കുവാൻ ദയവുണ്ടാകുമൊ? ഹീനമായി കിടന്നിരുന്ന ആ സ്ഥലം അവർതന്നെയാണു നന്നാക്കീട്ടുള്ളതു്.

ഡാക്ടർ എ. ആർ. മേനോൻ: ദിവാൻപേഷ്കാരുടെ സമ്മതംകൂടാതെ ഒരു സ്ഥലം പതിച്ചു കൊടുത്തിട്ടുണ്ടു്. നിവൃത്തിയുള്ളിടത്തോളം അവരെ അവിടെനിന്നു മാറരുതു് എന്നു പേഷ്കാരോടു പറഞ്ഞിട്ടുണ്ടു്.

മിസ്റ്റർ കെ. പി. വള്ളോൻ: സംരക്ഷണ വകുപ്പിൽനിന്നും അവക്കു പതിച്ചു കൊടുത്തിട്ടുള്ള സ്ഥലം അവക്കുതന്നെ ഗവൺമെൻറു് ദയവുചെയ്തു കൊടുക്കാമൊ?

ഡാക്ടർ എ. ആർ. മേനോൻ: കഴിയുന്നതും നോക്കാം.

മിസ്റ്റർ കെ. ആർ. വിശ്വംഭരൻ: അധഃകൃതക്കു കൊളനിയുണ്ടാക്കുന്നതിനുവേണ്ടി സ്ഥലം അകപ്പയർ ചെയ്യുന്ന സമ്പ്രദായം ഗവൺമെൻറു് കുറെക്കാലമായി സ്വീകരിക്കാറുണ്ടോ?

ഡാക്ടർ എ. ആർ. മേനോൻ: ചില സ്ഥലങ്ങളിൽ അങ്ങിനെ അകപ്പയർചെയ്തു കൊടുക്കാറുണ്ടു്. സൌകര്യമുണ്ടെങ്കിൽ ഗവൺമെൻറു് പുറമ്പോക്കുതന്നെയാണു കൊടുക്കുന്നതു്. നിവൃത്തിയുള്ളിടത്തോളം പുറമ്പോക്കുതന്നെ കൊടുക്കയുള്ളൂ. അതില്ലെങ്കിൽ അകപ്പയർ ചെയ്യും.

മിസ്റ്റർ കെ. ആർ. വിശ്വംഭരൻ: താമസത്തിനു തീരെ അസൌകര്യമുള്ള സ്ഥലങ്ങളാണു് ചില സ്ഥലങ്ങളിൽ അകപ്പയർ ചെയ്തിട്ടുള്ളതു് എന്നു് പറയാമൊ?

LIBRARY ARCHIVES Kerala Legislative Assembly

ഡാക്ടർ എ. ആർ. മേനോൻ: ചില സ്ഥലങ്ങളിൽ കുറച്ചു അസൌകര്യമുണ്ട്. എല്ലായിടത്തും കോളനിക്കു പറ്റിയ സ്ഥലം കിട്ടുവാൻ വളരെ ബുദ്ധിമുട്ടുണ്ട്.

മിസ്റ്റർ കെ. ആർ. വിശ്വംഭരൻ: പതിച്ചുകൊടുക്കുവാൻ സൌകര്യമുള്ള പുറമ്പോക്കു സ്ഥലങ്ങളിലേക്കു അധികൃതരെ മാറിത്താമസിപ്പിച്ചതുകൊണ്ടു അവർക്കു തൊഴിലന്വേഷിച്ചു വളരെ അകലെ പോകേണ്ടിവരുന്നതുകൊണ്ടാണ്. ഈ കോളനി സമ്പ്രദായം പരാജയത്തിൽ വരുന്നതു് എന്നു് ബഹുമാനപ്പെട്ട ശവമ്മെൻറിനറിയാമൊ?

ഡാക്ടർ എ. ആർ. മേനോൻ: പരാജയത്തിനു പലസംഗതികളുമുണ്ടു്. ഒന്നു് ഇതാണു്.

മിസ്റ്റർ കെ. ആർ. വിശ്വംഭരൻ: സൌകര്യമുള്ള സ്ഥലങ്ങൾ അകപ്പയർ ചെയ്യുന്നകാര്യത്തിൽ ഇനി ശവമ്മെൻറിന്റെ ദൃഷ്ടി പതിയുമോ?

ഡാക്ടർ എ. ആർ. മേനോൻ: സൌകര്യമുണ്ടോ ഇല്ലയൊ എന്നുള്ളകാര്യം റവന്യൂ ഡിപ്പാർട്ടുമെണ്ടുകാരോടുംകൂടി ചോദിച്ചാണു ചെയ്യുന്നതു്. അതുകൊണ്ടു" എനിക്കു് ഇതിൽ ഡെഫിനിറ്റായിട്ടു പറയാൻ സാദ്ധ്യമല്ല.

മിസ്റ്റർ വി. കെ. കുട്ടി: ഈ അകപ്പിസിഷനുള്ള പണംകൊടുക്കുന്നതു സംരക്ഷണവകുപ്പിലുള്ള പണത്തിൽനിന്നല്ലെ?

ഡാക്ടർ എ. ആർ. മേനോൻ: അതെ.

മിസ്റ്റർ കെ. ആർ. വിശ്വംഭരൻ: നല്ല കോളനികളെല്ലാം ഇങ്ങിനെ ശരിക്കുനോക്കി അകപ്പയർചെയ്തിട്ടുള്ള കോളനികളാണെന്നു ശവമ്മെൻറിനറിയാമൊ?

ഡാക്ടർ എ. ആർ. മേനോൻ: നോക്കിയിട്ടുണ്ടൊ ഇല്ലയൊ എന്നുള്ളതു അന്വേഷിച്ചിട്ടെ പറയാൻ സാദ്ധ്യമുള്ളൂ.

മിസ്റ്റർ സി. വി. ഇയ്യു. സ്ഥലംമാത്രം കിട്ടിയാൽ മതി. അതിൽ മെയിൻറനൻസു ചെലവുവേണ്ട എന്നുകാണിച്ചു് അപേക്ഷിച്ചാൽ സ്ഥലംമാത്രം കൊടുക്കുമൊ?

ഡാക്ടർ എ. ആർ. മേനോൻ: അതിനെപ്പറ്റി ആലോചിക്കാം.

KUNNAMKULAM WATER SUPPLY SCHEME— INVESTIGATIONS INTO.

274. Mr. C. V. Iyyu (*Kunnamkulam*): Will the Government be pleased to lay on the Council table:—

(*a*) the Water Supply Scheme proposed by Diwan Bahadur V. Verghese who was the Chief Medical and Sanitary Officer for Kunnamkulam town;

(*b*) whether his successor Dr. Raghavendra Rao carried out part of the scheme by digging a tank, by constructing an elevated reservoir, and by constructing bath rooms in the paddy fields in Kunnamkulam town;

(*c*) whether the Government is aware that this has not solved the scarcity of drinking water in Kunnamkulam;

LIBRARY ARCHIVES Kerala Legislative Assembly